# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 19/05/ 2020


## "ബാസ്ക് ഇൻ ദി മാസ്ക് " ക്യാമ്പയിനുമായി കൊല്ലം സിറ്റി പോലീസ്

കൊല്ലം : പൊതു സ്ഥലങ്ങളിലും ഓഫീസുകളിലും കൊവിഡ്-19 വ്യാപനം തടയുന്നതിലേക്കായി മാസ്ക് നിർബന്ധമാക്കി സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് പൊതുജനങ്ങൾ



പാലിക്കുന്നു എന്നുറപ്പ് വരുത്തുവാനും അത്തരക്കാരെ കണ്ടെത്തുവാനും പോലീസിന്റെ നേതൃത്വത്തിൽ പ്രത്യേക ടാസ്ക്ക് ഫോഴ്സിന്റെ പ്രവർത്തനം ആരംഭിച്ചു. മാസ്ക് ധരിക്കാത്തവർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതോടൊപ്പം**"ബാസ്ക്ഇൻ ദി മാസ്ക് "**ക്യാമ്പയിന്റെ ഭാഗമായി മാസ്ക് സൗജന്യമായി വിതരണം ചെയ്യുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുന്നു.കൊല്ലം സിറ്റി പരിധിയിൽ ബാസ്ക് ഇൻ ദി മാസ്ക് ക്യാമ്പയിന്റെ ഭാഗമായി എല്ലാ പോലീസ് സ്റ്റേഷൻ പരിധിയിലും സർക്കാർ ഉത്തരവ് ലംഘിച്ച് മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിലും മറ്റും സഞ്ചരിച്ചതിന് 148 പേർക്കെതിരെ നടപടി സ്വീകരിക്കുകയും മുഴുവൻ പേർക്കും പോലീസുദ്യോഗസ്ഥർ മാസ്ക്കുകൾ സൗജന്യമായി നൽകുകയും ബോധവൽക്കരണം നടത്തുകയും ചെയ്തു.പൊതുസ്ഥലങ്ങളിലും ഓഫീസുകളിലും മാസ്ക് നിർബന്ധമായും ധരിക്കേണ്ടതാണെന്നും ആയതിന് വിപരീതമായി പ്രവർത്തിക്കുന്നവർക്കെതിരെ തുടർന്നും ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.